**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -തദ്ദേശ സ്വയംഭരണ(ഇയു) വകുപ്പിന്റെ അപ്പീൽ അധികാരിയുടെ ചുമതല ശ്രീമതി.വി.രത്നമ്മ, ജോയിന്റ് സെക്രട്ടറിയ്ക്ക് നല്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(പിഎസ്) വകുപ്പ്

സ.ഉ(സാധാ) നം. 1533 /2016/ തസ്വഭവ. തിരുവനന്തപുരം, തീയതി, 26/04/2016.

---

പരാമർശം- 1) സർക്കുലർ നം.ഇആർഎ 2/33/16/തസ്വഭവ, തീയതി, 20.02.2016.

2) തദ്ദേശ സ്വയംഭരണ(ഇയു) വകുപ്പിന്റെ 16.04.16 ലെ 554499/ഇയു-4/ 2016/തസ്വഭവ നമ്പർ അനൌദ്യോഗിക കുറിപ്പ്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ(ഇയു) വകുപ്പിന്റെ ഡെപ്യൂട്ടി സെക്രട്ടറിയായിരുന്ന ശ്രീ.എം.കെ.രമേശൻ ടി സെക്ഷന്റെ അപ്പീൽ അധികാരിയുടെ ചുമതലയും നിർവ്വഹിച്ചു വരുകയായിരുന്നു. പരാമർശം-1 ലെ സർക്കുലർ പ്രകാരം ശ്രീ.എം.കെ.രമേശനെ തദ്ദേശ സ്വയംഭരണ(ഇയു) വകുപ്പിന്റെ ചുമതലയിൽ നിന്നും ഒഴിവാക്കുകയും ടി സെക്ഷന്റെ ഫയലുകൾ ശ്രീമതി.വി.രത്നമ്മ, ജോയിന്റ് സെക്രട്ടറി വഴി തദ്ദേശ സ്വയംഭരണ (നഗരകാര്യം) വകുപ്പ് സെക്രട്ടറിക്ക് സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പിന് അപ്പീൽ അധികാരി നിലവിലില്ലാത്ത സാഹചര്യം സംജാതമായി. തദ്ദേശ സ്വയംഭരണ(ഇയു) വകുപ്പിൽ വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപ്പീൽ അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള ചുമതല ശ്രീമതി.വി.രത്നമ്മ, ജോയിന്റ് സെക്രട്ടറിക്ക് നല്കണമെന്ന് പരാമർശം-2 ലെ അനൗദ്യോഗിക കുറിപ്പ് മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. തദ്ദേശ സ്വയംഭരണ(ഇയു) വകുപ്പിന്റെ അപ്പീൽ അധികാരിയായി ശ്രീമതി.വി.രത്നമ്മ, ജോയിന്റ് സെക്രട്ടറിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പി.ഐ.ഷെയ്ക്ക് പരീത്,
സ്പെഷ്യൽ സെക്രട്ടറി,

ശ്രീ.എം.കെ.രമേശൻ, ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
ശ്രീമതി.വി.രത്നമ്മ, ജോയിന്റ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ(ഇയു) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പബ്ലിക് റിലേഷൻസ് വകുപ്പ്
തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ